പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 131 — 05.12.2014- ൽ മറുപടിക്ക്

## ക്ഷേമപെൻഷനുകളുടെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കെ.വി. അബ്ദുൾഖാദർ<br>ശ്രീ. എസ്. ശർമ്മ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) | സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്തു വരുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകളിൽ 2014 സെപ്റ്റംബർ മുതൽ കുടിശ്ശിക ഉണ്ട്. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>വികലാംഗ പെൻഷൻ - 8568.86 ലക്ഷം<br>അഗതി (വിധവ) പെൻഷൻ - 25432.27 ലക്ഷം<br>ദേശീയ വാർദ്ധക്യകാല പെൻഷൻ - 17595.25 ലക്ഷം<br>50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 1701.46 ലക്ഷം<br>ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവും ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് പെൻഷൻ തുകയിൽ വരുത്തിയ വർദ്ധനവും കാരണമാണ് തുക കുടിശ്ശിക ആയിട്ടുള്ളത്. |
| (ബി) | ഏതൊക്കെ ക്ഷേമപെൻഷനുകളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കുമോ; | | |
| (സി) | പെൻഷൻ കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | ഉപധനാഭ്യർത്ഥന പ്രകാരം അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | നടപ്പ് സാമ്പത്തിക വർഷത്തിൽ ക്ഷേമ പെൻഷനുകൾക്കായി നീക്കിവച്ച ഫണ്ട് സംബന്ധിച്ച വിവരം വിശദമാക്കാമോ? | (ഡി) | വിവിധ ക്ഷേമ പെൻഷനുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായും അധികമായി അനുവദിച്ചതുമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

(തുക ലക്ഷത്തിൽ)

| ക്ഷേമ പെൻഷന്റെ പേര് | ബഡ്ജറ്റ് വിഹിതം | അധിക തുക | ആകെ |
|---|---|---|---|
| വികലാംഗ പെൻഷൻ | 26951.34 | -- | 26951.34 |
| അഗതി (വിധവ) പെൻഷൻ | 73327.38 | – | 73327.38 |
| ദേശീയ വാർദ്ധക്യ കാല പെൻഷൻ | 13000 | 30884.64 | 43884.64 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5053.62 | -- | 5053.62 |
| ആകെ | 118332.34 | | 149216.98 |

സെക്ഷൻ ഓഫീസർ